ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജെ.എച്ച്.ഐ. ഗ്രേഡ്-2 തസ്തികയിൽ 1-11-2007 മുതൽ 17-5-2010 വരെയുണ്ടായ ഒഴിവുകളിൽ 1:3 (വകുപ്പുതല ജീവനക്കാർ:റാങ്ക് ഹോൾഡേഴ്സ്) എന്ന അനുപാതത്തിൽ നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനി വരുന്ന ഒഴിവുകളിലും അപ്രകാരം നിയമനം നടത്തുന്നതാണ്.

(സി) 23-1-1989-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.24/89/ആ.കു.വ പ്രകാരം ജെ.എച്ച്.ഐ. ഗ്രേഡ് II തസ്തികയിൽ എസ്.ഐ.സി/എച്ച്.ഐ.സി. പാസ്സായ വകുപ്പുതല ജീവനക്കാർക്ക് നിയമനം നൽകണമെന്നും യോഗ്യരായ വകുപ്പുതല ജീവനക്കാർ ഇല്ലാത്തപക്ഷം പി.എസ്.സി. മുഖേന നിയമനം നൽകാമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

എന്നാൽ 8-7-2008 ലെ ജി.ഒ(പി) 344/08/എച്ച്.&എഫ്.ഡബ്ല്യൂ.ഡി. പ്രകാരം വകുപ്പുതല ജീവനക്കാർക്കും പി.എസ്.സി. മുഖേനയുള്ള ഉദ്യോഗാർത്ഥികൾക്കും 1:3 എന്ന അനുപാതത്തിലാണ് ജെ.എച്ച്.ഐ. ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമനം നൽകേണ്ടത് എന്ന് നിഷ്കർഷിച്ചിരുന്നു. നിലവിൽ ജെ.എച്ച്.ഐ. ഗ്രേഡ് 2 തസ്തികയിലേയ്ക്കുള്ള നിയമനം നടക്കുന്നത് പ്രസ്തുത ഉത്തരവിനെ ആധാരമാക്കിയാണ്.

(ഡി) 1-11-2007 മുതൽ 17-5-2010 വരെ 5 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഹൗസ്കീപ്പിംഗ് കമ്മിറ്റികളുടെ രൂപീകരണത്തിന് അധികമായി സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ച് നിലവിലെ ജീവനക്കാരുടെ ലഭ്യത പഠിച്ചശേഷം വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

(എഫ്) പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നുണ്ട്.

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ വിപുലീകരണം

59 (6214) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ വിപുലീകരണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടികൾ എടുത്തുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വകുപ്പിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ

60 (6216) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിന്റെ ഭാഗമായി, മായം ചേർക്കൽ കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുന്നതിനായി എത്ര ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ;

(ബി) സാമ്പിളുകൾ കഴിവതും വേഗത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഗുരുതരമായ ആരോഗ്യ പ്രശ്നം ഉണ്ടാകുന്നത് കണക്കിലെടുത്ത് കൂടുതൽ ലബോറട്ടറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മായം ചേർക്കൽ കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുന്നതിനായി തിരുവനന്തപുരത്ത് ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളും പത്തനംതിട്ടയിൽ ഡിസ്ട്രിക്ട് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്.

(ബി) സാമ്പിളുകൾ നിയമാനുസൃതം പരിശോധിച്ച് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്.

(സി) & (ഡി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സർവ്വീസ് കാലത്തിൽ പി.ജി., ഡിഗ്രി, ഡിപ്ലോമ കോഴ്സുകൾക്ക് നിയമനം ലഭിച്ച ഡോക്ടർമാർ

61 (6217) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly